(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർ, കൺവീനർമാർ എന്നിവരടങ്ങുന്ന ഒരു പ്രോജക്ട് ടീമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

സർവ്വേ നടത്തി പദ്ധതി നടപ്പാക്കാനുള്ള ആശുപത്രികൾ തെരഞ്ഞെടുക്കുകയും അതാത് ആശുപത്രികളിലെ പ്രോജക്ട് നടത്തിപ്പിനായി പദ്ധതി നിർവ്വാഹക സമിതി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ചെയർമാൻ, ജനറൽ കൺവീനർ, 2 കൺവീനർമാർ എന്നിവരടങ്ങിയതായിരുന്നു പദ്ധതി നിർവ്വാഹക സമിതി. തെരഞ്ഞെടുത്ത ആശുപത്രികളെക്കുറിച്ച് പഠിച്ച് അവിടെ ചെയ്യേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ, മറ്റ് ജോലികൾ, അതിനാവശ്യമായ റിസോഴ്സുകൾ (മനുഷ്യ വിഭവശേഷി, പണം, വസ്തുക്കൾ, സമയം) ഇവയെക്കുറിച്ച് മുൻധാരണയുണ്ടാക്കുക, റിസോഴ്സ് സംഘടിപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിശ്ചിത ആശുപത്രികളുടെയും അനുമതി, സഹകരണം ഇവ നേടിയെടുക്കുക. പദ്ധതി പ്രദേശത്തിനടുത്തുള്ള യുവജനസംഘടനകളെ പദ്ധതിയുടെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക, പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, സാങ്കേതിക പരിജ്ഞാനമുള്ള 75 എൻ.എസ്.എസ്. വോളണ്ടിയർമാരേയും 25 സ്റ്റാഫിനെയും ഓരോ ഹോസ്പിറ്റലിനുമായി പ്രത്യേകം തെരഞ്ഞെടുക്കുക, പദ്ധതി പ്രദേശത്ത് അധികമായി വേണ്ടിവരുന്ന സാങ്കേതിക സേവന ക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീമിന്റെ കേരള ടെക്നിക്കൽ സെല്ലുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്.

യുവജനക്ഷേമ ബോർഡ് - പദ്ധതികളും ചെലവുകളും

310 (2548) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2012-13, 2013-14, 2014-15 കാലയളവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പരിപാടിക്കും ചെലവായ തുക എത്രയാണെന്നും ഗുണഭോക്താക്കൾ എത്രയാണെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2012-13, 2013-14 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക, ഗുണഭോക്താക്കൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 2014-15-ൽ സംരംഭകത്വ വികസന പരിപാടി, കാപ്പൊലി, കേരളോത്സവം, ഭാരത് ദർശൻ (പട്ടികവർഗ്ഗം), യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ എന്നീ പരിപാടികൾ നടപ്പിലാക്കി വരുന്നു.

(സി) തിരുവനന്തപുരത്ത് യൂത്ത് ഭവൻ നിർമ്മാണവും വയനാട്ടിൽ പനമരത്ത് യൂത്ത് ഭവൻ നിർമ്മാണവും 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും. മുൻവർഷങ്ങളിലെ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കും പൂർത്തീകരണത്തിനുമാണ് 2015-16 വർഷത്തിൽ മുൻഗണന നൽകുക.

തൃശ്ശൂർ മൃഗശാല

311 (2549) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജ് കാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോഴേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല. വനം വകുപ്പാണ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. പുത്തൂർ മൃഗശാലയിലെ പണി പൂർത്തിയാകുന്ന മുറയ്ക്ക് തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ മാറ്റുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly